(എ) കേന്ദ്ര ഗവൺമെന്റ് അധിക വിഭവ സമാഹരണത്തിന് സർ ചാർജ് ഏർപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരി ശോധിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം സംസ്ഥാനത്തിന് എത്ര രൂപ വരുമാന നഷ്ടമുണ്ടാ കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാമേനോൻ) :

(എ) ഉണ്ട്.

(ബി) സർചാർജിൽക്കൂടി കേന്ദ്ര സർക്കാരിന് ലഭിക്കുന്ന അധിക വരു മാനം വിഭജിക്കാവുന്നതല്ല. നികുതി നിരക്കിലുള്ള വർദ്ധനവിന് പകരം സർചാർജ് ഈടാക്കുന്നതുകൊണ്ട് സംസ്ഥാനങ്ങൾക്ക് അനുപാതികമായി കിട്ടേണ്ട വിഹിതം നഷ്ടപ്പെടുന്നു.

(സി) 4.67 കോടി രൂപ

(ഡി) സംസ്ഥാന സർക്കാർ പതിനൊന്നാം ധനകാര്യകമ്മിഷനു മെമ്മോറാണ്ടം സമർപ്പിക്കുമ്പോൾ സർചാർജിൽക്കൂടി നികുതി വരുമാനം നട ത്തുന്ന ഈ പ്രവണത അവസാനിപ്പിക്കാൻ ആവശ്യപ്പെടും 1999-2000 കാലയ ളവിൽ സർചാർജ് ഇനത്തിൽകൂടി പിരിക്കാനുദ്ദേശിക്കുന്ന തുക, നികുതി നിര ക്കിലുള്ള വർദ്ധനവായി മാറ്റി അതിന്റെ അർഹമായ വിഹിതം സംസ്ഥാന സർക്കാരുമായി പങ്കുവയ്ക്കാനും ആവശ്യപ്പെടും.

16 (*272) നെൽക്കൃഷിയിൽ യന്ത്രവൽക്കരണം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മാ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷിയുടെ ഏതെല്ലാം ജോലികളിൽ പൂർണ്ണമായ യന്ത്ര വൽക്കരണം നടന്നിട്ടുണ്ട്;

(ബി) ഇനി ഏതെല്ലാം ജോലികളിൽ യന്ത്രവൽക്കരണം നടത്താൻ കഴിയും;

(സി) ഡോ. വി. ഗംഗാധരൻ ചെയർമാനായുള്ള വിദഗ്ദ്ധസമിതി നെൽക്കൃഷിയെ സംബന്ധിച്ച് എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ട്;

(ഡി) ഇവ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഒരു മേഖലയിലും പൂർണ്ണമായി യന്ത്രവൽക്കരണം ആയിട്ടില്ല. നിലം ഉഴൽ, ഞാറുനടീൽ, കൊയ്ത്ത്, മെതി മേഖലകളിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രാക്ടർ, ടില്ലർ, മെതിയന്ത്രങ്ങൾ, കൊയ്ത്ത് യന്ത്രങ്ങൾ, പാറ്റ് യന്ത്രം എന്നിവ ഭാഗികമായി ഇപ്പോഴുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പടിപടിയായി നെൽക്കൃഷിമേഖലയിലെ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം നടത്താൻ കഴിയും. ഇപ്പോൾ തന്നെ കൊയ്ത്ത്, മെതി, പാറ്റ് എന്നീ പ്രക്രിയകൾ ഒരുമിച്ച് ചെയ്ത് നെല്ലുതരുന്ന കൊയ്ത്തുമെതിയന്ത്രം നെൽക്കൃഷിമേഖലകളിൽ ഉപയോഗിക്കുന്നുണ്ട്.

(സി) ഡോ. വി. ഗംഗാധരൻ ചെയർമാനായി ഒരു വിദഗ്ദ്ധസമിതിയെ നെൽക്കൃഷിയെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റ് നിയോഗിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

17 (*273) കൊപ്രയുടെ താങ്ങുവില

ശ്രീ. സി.പി. ബാലൻ വൈദ്യൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ കുഴൽമന്ദം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊപ്രയുടെ താങ്ങുവില ഇപ്പോൾ എത്ര രൂപയായിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ബി) കൊപ്രയുടെ താങ്ങുവിലയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എത്രരൂപയാണ് വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊപ്രയുടേയും ഉണ്ടകൊപ്രയുടേയും വില എത്രയായി വർദ്ധിപ്പിക്കണമെന്നായിരുന്നു സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങുവില ആശാസകരമെന്നു കരുതുന്നുണ്ടോ;

(എഫ്) താങ്ങുവില പ്രഖ്യാപിക്കാൻ കാലതാമസം ഉണ്ടായതായി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ജി) എങ്കിൽ കൊപ്രയുടെ താങ്ങുവില യഥാസമയം നിശ്ചയിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(എച്ച്) കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി സംസ്ഥാനത്തെ കേര കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും ഇറക്കുമതിയിൽ നിയന്ത്രണം വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജെ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ക്വിന്റലിന് മില്ലിംഗ് കൊപ്രയ്ക്ക് 3100 രൂപയും ഉണ്ട കൊപ്രയ്ക്ക് 3325 രൂപയുമാണ് താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly